# ഏറാമല ഗ്രാമപഞ്ചായത്താഫീസ്

*ഓർക്കാട്ടേരി(പി.ഒ),കോഴിക്കോട് (ജില്ല)പി.ൻ :673501*

***ഫോൺ: 0496 2547047E-mail: eramalagp@gmail.com***

---

**നമ്പർ എസ് സി 3 9449(23)(1)** **തീയ്യതി : 10/01/2024**

പ്രേഷിതൻ

സെക്രട്ടറി
ഏറാമല ഗ്രാമപഞ്ചായത്ത്

സ്വീകർത്താവ്

ഇന്റേണൽ വിജിലൻസ് ഓഫീസർ
തദ്ദേശ സ്വയം ഭരണ വകുപ്പ്
കോഴിക്കോട്

സർ,

വിഷയം : ഏറാമല ഗ്രാമ പഞ്ചായത്ത് സെക്കീർ ചക്കുള്ളതിൽ കുന്നുമ്മക്കര എന്നവർ സമർപ്പിച്ച പരാതിയിൻമേലുള്ള അദാലത്ത് റിപ്പോർട്ട്

സൂചന : സ്ഥിരം അദാലത്ത് സമിതി തീരുമാനം

ഏറാമല ഗ്രാമപഞ്ചായത്തിലെ ഏറാമല വില്ലേജിലെ റി.സ.നമ്പർ...35/4......ൽ പ്പെട്ട ......2.58.......സ്ഥലത്ത് .ഗ്രൂപ്പ് എഫ് കോമേർഷ്യൽ ഒക്ക്യുപ്പെൻസിയിൽ ഉൾപെടുത്തി നിർമ്മാണം പൂർത്തിയാക്കിയ കെട്ടിട നിർമ്മാണം ക്രമവൽക്കരിക്കുന്നതിന ശ്രീ സെക്കീർ ചക്കുള്ളതിൽ കുന്നുമ്മക്കര എന്നവർ സമർപ്പിച്ച അപേക്ഷ ഓവർസിയർ പരിശോധന നടത്തിയതിൽ നിലവിൽ റിപ്പോർട്ട് ചെയ്ത ന്യൂനതകൾ ചുവടെ ചേർക്കുന്നു.

**1.<u>സമർപ്പിച്ച ബിൽഡിംഗ് പ്ളാനിലെ അളവുകളിൽ വ്യത്യാസം കാണുന്നു.</u>**

ബിൽഡിംഗ് പ്ളാനിൽ 3.40 മീറ്റർ ( ഗ്രൗണ്ട് ഫ്ളോർ) എന്നിടത്ത് 3.38 മീറ്ററാണ് ഉള്ളത് , 2.83 എന്നിടത്ത് 2.77 മീറ്റർ ആണ് ഉള്ളത്. W/C ന്റെ ഉള്ളളവ് 1.49 * 1.67 എന്നിടത്ത് 1.38 * 1.57 മീറ്റർ അളവ് ആണ്. 9.48 എന്നിടത്ത് 9.42 മീറ്റർ ആണ് ഉള്ളത്. ഫസ്റ്റ് ഫ്ളോറിൽ 4.23 മീറ്റർ എന്നിടത്ത് 4.40 മീറ്റർ ഉണ്ട്.

**2. <u>സമർപ്പിച്ച സൈറ്റ് പ്ലാൻ പ്രകാരമുള്ള യാർഡ് അളവുകളിൽ വ്യത്യാസം കാണുന്നുണ്ട്.</u>**

സൈറ്റ് പ്ലാനിൽ തെക്ക് വശത്ത് 1.18 മീറ്റർ എന്നിടത്ത് 1.15 മീറ്ററും 1.9 എന്നിടത്ത് ഒരു മീറ്ററും 1.74 മീറ്റർ എന്നിടത്ത് 1.48 മീറ്ററും 1.57 മീറ്റർ എന്നിടത്ത് ഒരു മീറ്ററും പടിഞ്ഞാറ് വശത്ത് 1.65 മീറ്റർ എന്നിടത്ത് 1.67 മീറ്ററും 1.75 മീറ്റർ എന്നിടത്ത് 1.72 മീറ്ററും വടക്ക് വശത്ത് ഒരു മീറ്റർ എന്ന് കാണിച്ചിടത്ത് 0.93 മീറ്ററുമാണുള്ളത്. ശരിയായ യാർഡ് അളവുകൾ ഉൾപ്പെടുത്തി സൈറ്റ് പ്ലാൻ മാറ്റി സമർപ്പിക്കേണ്ടതാണ്.

**3. സമർപ്പിച്ച ബിൽഡിംഗ് പ്ലാനിൽ തറ നിലയിൽ റാമ്പ് നിർമ്മാണം പൂർത്തിയാക്കിയതായി <u>കാണിച്ചിട്ടുണ്ട്. എന്നാൽ റാമ്പ് നിർമ്മിച്ചിട്ടില്ല. റൂൾ 42 (1)</u>**

റോഡും ബിൽഡിംഗും തമ്മിൽ ഒരേ നിരപ്പായതിനാൽ റാമ്പ് നിർമ്മിക്കാൻ സാധിച്ചിട്ടില്ല എന്ന് അപേക്ഷയിൽ ഉൾപ്പെടുത്തിയതായി കാണുന്നു. റാമ്പ് നിർമ്മാണം നടത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത റാമ്പ് ബിൽഡിംഗ് പ്ലാനിൽ നിന്നൊഴിവാക്കി പ്ലാൻ മാറ്റി സമർപ്പിക്കേണ്ടതാണ്.

**4. സാനിറ്ററി കാൽക്കുലേഷൻ തെറ്റായാണ് സമർപ്പിച്ചിരിക്കുന്നത്. ശരിയായ കാൽക്കുലേഷൻ പ്രകാരം പുരുഷൻമാർക്ക് 2 ടോയ്‌ലെറ്റ് വീതവും സ്ത്രീകൾക്ക് ഒരു ടോയ്‌ലെറ്റും ആവശ്യമാണ്. സൈറ്റിൽ ഒരു**

**<u>ഹാന്റി കാപ്പ്ഡ് ടോയ്ലെറ്റും ഒരു പുരുഷ ടോയ്ലെറ്റും മാത്രമേ നിർമ്മിച്ചിട്ടുള്ളൂ. യൂറിനൽ നിർമ്മിച്ചിട്ടില്ല.</u>**

കെട്ടിടത്തിന് ആവശ്യമായത്ര ടോയ്ലെറ്റ് യൂണിറ്റുകൾ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തിയാക്കുകയും ആയത് പ്ലാനിൽ ഉൾപ്പെടുത്തി പ്ലാൻ പുനഃസമർപ്പിക്കാവുന്നതുമാണ്. റൂൾ 34 ൽ 3 (1)

**5. കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച സ്റ്റെയറിംൽ, സ്റ്റെപ്പിന്റെ നീളം 1.15 മീറ്ററും, ...tread...25 സെ.മീറ്ററും <u>......rise 17 സെ. മീറ്ററാണ്. ആയത് കെ പി പി ആർ ചട്ടം 35 ൽ 3 പാലിക്കുന്നില്ല.</u>**

കെ പി പി ആർ ചട്ടം 35 ൽ 3 പ്രകാരമുള്ള അളവുകൾ ഉൾപ്പെടുത്തി സ്റ്റെയർ പുനർനിർമ്മക്കാവുന്നതാണ്.

**6. ഒന്നാം നിലയിൽ കെട്ടിടത്തിൻറെ മുൻവശത്ത് റോളിംഗ് ഷട്ടർ നിർമ്മിച്ചതായി കാണുന്നു. അതിന് മുൻവശത്തായി 75 സെ.മീറ്റർ വീതിയിൽ സൺഷെയ്ഡ് നിർമ്മിച്ചിട്ടുണ്ട്. പ്രസ്തുത സൺഷെയ്ഡിൽ ഹാൻഡ് [illegible]യിൽ സ്ഥാപിച്ചതായി കാണുന്നു. കെ പി പി ആർ ചട്ടം (39) പ്രകാരം പ്രവേശന വഴി ഒരു മീറ്റർ ആവശ്യമാണ്. പ്രസ്തുത നിർമ്മാണം പ്ലാനിൽ രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത കെട്ടിടഭാഗം സൺഷെയ്ഡായി മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ.**

റോളിംഗ് ഷട്ടർ ഉയർത്തുന്നതിന് കെട്ടിടത്തിന് ഉൾവശത്ത് നിന്ന് അറേഞ്ച്മെന്റ് ചെയ്യുമെന്ന് അപേക്ഷകൻ വാക്കാൽ അറിയിച്ചിട്ടുണ്ട്.

**7. കെട്ടിടത്തിന്റെ വടക്ക് വശത്തുള്ള <u>ഇടവഴിയുമായി</u> 1.5 മീറ്റർ അകലം ആവശ്യമാണ്. ആയത് ചട്ടം 23, <u>ഉപചട്ടം 2 പാലിക്കുന്നില്ല.</u>**

പ്രസ്തുത വഴി ഒരു വീട്ടിലേക്കുള്ള വഴി ആണെന്ന് റിപ്പോർട്ട് ചെയ്യുന്നു.

ഠമൽ വിവരങ്ങൾ റിപ്പോർട്ട് ചെയ്ത് കൊള്ളുന്നു.

GRAMA PANCHAYAT OFFICE ... KATTERI 673 501

വിശ്വസ്തതയോടെ

സെക്രട്ടറി

SECRETARY
...RAMALA GRAMA PANCHAYAT
P.O. OR: KATTERI - 673 501
PH: 0496 - 254...